പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2675 10.12.2014 - ൽ മറുപടിക്ക്

## ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്റ്റാഫ് നഴ്സുമാരെ നിയമിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി. സുധാകരൻ** | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്റ്റാഫ് നഴ്സുമാരുടെ അനുവദനീയമായ തസ്തിക എത്ര ; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്ര ; | എ) | ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ 304 സ്റ്റാഫ് നഴ്സുമാരുടെ തസ്തികകളുണ്ട്. ഇതിൽ 187 തസ്തികകളിൽ നഴ്സുമാർ ജോലി ചെയ്യുന്നു. 117 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. |
| ബി) | മെഡിക്കൽ കോളേജുകളിലെ രോഗി-സ്റ്റാഫ് നഴ്സ് അനുപാതം എത്രയാണ് ; ഈ അനുപാതത്തിന് അനുസൃതമായി സ്റ്റാഫ് നഴ്സുകൾ പ്രസ്തുത മെഡിക്കൽ കോളേജിൽ നിലവിലുണ്ടോ ; | ബി) | സർക്കാർ മെഡിക്കൽ കോളേജുകളിലെ ജനറൽ വാർഡുകളിൽ 4:1 ഉം ഐ.സി.യു മറ്റ് അധിക സംരക്ഷണം വേണ്ട ഏരിയ എന്നിവിടങ്ങളിൽ 1:1 എന്ന നിലയിലുമാണ് രോഗി നഴ്സ് അനുപാതം നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ അനുപാതത്തിൽ സ്റ്റാഫ് നഴ്സുമാരില്ല. |
| സി) | ഇല്ലെങ്കിൽ രോഗികൾക്ക് ആനുപാതികമായി എത്ര നഴ്സുമാരുടെ കുറവുണ്ട് ; രോഗികൾക്ക് ആനുപാതികമായി നഴ്സുമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; | സി) | പ്രസ്തുത അനുപാതം വച്ച് കണക്കാക്കിയാൽ 3266 നഴ്സുമാരുടെ കുറവാണ് നിലവിലുള്ളത്. രണ്ടു ഘട്ടങ്ങളിലായി 380 സ്റ്റാഫ് നഴ്സുമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഘട്ടംഘട്ടമായി സൃഷ്ടിക്കുവാൻ കഴിയുമെന്ന് കരുതുന്നു. |
| ഡി | ആലപ്പുഴ മെഡിക്കൽ കോളേജിൽ നിലവിൽ ഒഴിവുള്ള സ്റ്റാഫ് നഴ്സ് തസ്തികയിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ? | ഡി | നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**